# ഈശോയും സമറിയാക്കാരിയും

## (യോഹന്നാൻ 4: 1–42)



സമറിയായിലുള്ള ഈശോയുടെ പ്രവർത്തനത്തെക്കുറിച്ച് വിവരിക്കുന്ന ഏകസുവിശേഷകൻ യോഹന്നാൻശ്ലീഹായാണ്. ശിഷ്യന്മാരെ അയയ്ക്കുന്ന ഭാഗം വിവരിക്കുമ്പോൾ സമറിയായിലുള്ള അവരുടെ പ്രവർത്തനത്തെ ഈശോ നിരോധിക്കുന്നതായാണ് വി.മത്തായിയുടെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നത്: "നിങ്ങൾ വിജാതീയരുടെ

അടുത്തേക്ക് പോകരുത്. സമറിയാക്കാരുടെ പട്ടണങ്ങളിൽ പ്രവേശിക്കുകയുമരുത്" (10:5). നല്ല സമറിയാക്കാരന്റെ ഉപമ വിവരിക്കുന്ന (10:30–37) ലൂക്കാ സുവിശേഷകനും സമറിയാക്കാർ ഈശോയുടെ വരവിനെ തിരസ്ക്കരിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത് (9:52–53). യഹൂദരും സമറിയാക്കാരും തമ്മിൽ യാതൊരു സമ്പർക്കവും ഉണ്ടായിരുന്നില്ല (യോഹ 4:9). ഈ സാമൂഹ്യപശ്ചാത്തലത്തിലാണ് ഈശോ ഈ സമറിയാക്കാരി സ്ത്രീയെ കണ്ടുമുട്ടുന്നത്. യാക്കോബിന്റെ കിണറിനെക്കുറിച്ചുള്ള പരാമർശം ഇതിന്റെ ചരിത്രപരമായ വസ്തുത വെളിവാക്കുന്നു. ജറുസലേമിൽനിന്നും ഗലീലിയായിലേക്കുള്ള യാത്രാമദ്ധ്യേയാണ് ഈശോ സമറിയായിലൂടെ കടന്നുപോയത്. ഗലീലിയിൽനിന്നും ജറുസലേമിലേക്ക് ഒരു യാത്രയായാണ് ഈശോയുടെ ജീവിതത്തെ സമാന്തരസുവിശേഷങ്ങൾ അവതരിപ്പിക്കുന്നത്. ദൈവശാസ്ത്രപരമായ ഒരു വിശദീകരണമാണ് ഇതിനു പിന്നിലുള്ളത്. എന്നാൽ യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഈശോ പലപ്രാവശ്യം ജറുസലേം സന്ദർശിക്കുന്നതിന്റെ സൂചനകൾ കാണാം. ഉദാഹരണത്തിന് മൂന്നാം അദ്ധ്യായത്തിൽ ഈശോ ജറുസലേമിൽ ആയിരുന്നെങ്കിൽ ആറാം അദ്ധ്യായത്തിൽ ഈശോ ഗലീലിയിലാണ്. വീണ്ടും ഏഴാം അദ്ധ്യായത്തിൽ ഈശോ ജറുസലേം ദൈവാലയത്തിൽ പഠിപ്പിക്കുന്നു. സമാന്തരസുവിശേഷങ്ങളിലും ഈശോ ജറുസലേം പലപ്രാവശ്യം സന്ദർശിച്ചതായി സൂചനകളുണ്ട്. ഉദാഹരണത്തിന് ജറുസലേമിനെനോക്കി ഈശോ ഇങ്ങനെ വിലപിക്കുന്നു: "ജറുസലേം ജറുസലേം, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർത്തു നിർത്തുന്നതുപോലെ നിന്റെ സന്താനങ്ങളെ ഒന്നിച്ചുചേർക്കുന്നതിന് ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു! പക്ഷേ നിങ്ങൾ സമ്മതിച്ചില്ല" (ലൂക്കാ 13:34). അതുകൊണ്ട് യോഹന്നാന്റെ അവതരണം കൂടുതൽ ചരിത്രപരമാണ്.

ബി.സി. 721 ൽ ഇസ്രായേലിന്റെ തലസ്ഥാനമായിരുന്ന സമറിയ അസ്സീറിയാക്കാർ കീഴടക്കുകയും സമറിയാക്കാരും അസ്സീറിയാക്കാരും തമ്മിൽ മിശ്രവിവാഹത്തിൽ ഏർപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. അങ്ങനെയുണ്ടായ സങ്കരവർഗ്ഗമായിരുന്നു സമറിയാക്കാർ. അതുകൊണ്ട് യഹൂദർ സമറിയാക്കാരെ തങ്ങളെക്കാൾ താഴ്ന്നവരായി കരുതുകയും അതുവഴി അവർ തമ്മിൽ പരസ്പരസമ്പർക്കമില്ലാതാവുകയും ചെയ്തു (2 രാജാ 17:24–41). ഈയൊരു പശ്ചാത്തലത്തിലാണ് ഈശോ സമറിയാക്കാരി സ്ത്രീയുമായി കണ്ടുമുട്ടുന്നത്.

"അവന് സമറിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു" (4:4) എന്നു പറയുന്നത് പാപിനിയായ അവൾക്ക് ജീവജലം നല്കി അവളുടെ ദാഹം ശമിപ്പിക്കാനുള്ള ദൈവത്തിന്റെ ദാഹത്തെ സൂചിപ്പിക്കുന്ന ഒന്നാണ്. സമറിയാക്കാർ യഹൂദരുമായി ശത്രുതയിലായിരുന്നതുകൊണ്ട് സാധാരണഗതിയിൽ സമറിയായിലൂടെയുള്ള കടന്നുപോക്ക് ഒഴിവാക്കുമായിരുന്നു. എന്നാൽ ദൈവഹിതം അതായിരുന്നു എന്നറിഞ്ഞതുകൊണ്ടായിരിക്കണം സമറിയായിലൂടെ കടന്നുപോകാൻ ഈശോ നിർബന്ധിതനായത്. ദൈവത്തിന്റെ ദാഹവും മനുഷ്യന്റെ ദാഹവും ഒന്നിച്ച മനോഹരമായ ഒരു സന്ദർഭമാണ് കുരിശിൽ നാം ദർശിക്കുക: "അനന്തരം എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് തിരുവെഴുത്ത് പൂർത്തിയാകാൻവേണ്ടി ഈശോ പറഞ്ഞു: എനിക്കു ദാഹിക്കുന്നു" (യോഹ 19:28). ദൈവവും മനുഷ്യനുമായ ഈശോയുടെ ദാഹം ദൈവമനുഷ്യദാഹങ്ങളുടെ സംഗമമാണ്. രക്ഷാകരകർമ്മം പൂർത്തിയാക്കപ്പെട്ടതുവഴി മനുഷ്യന്റെ ദാഹം തീർക്കാനുള്ള ദൈവത്തിന്റെ ദാഹവും ദൈവത്തെ പ്രാപിക്കാനുള്ള മനുഷ്യന്റെ ദാഹവും പരസ്പരം കണ്ടുമുട്ടുകയാണ്. അതേത്തുടർന്ന് "എല്ലാം പൂർത്തിയായിരിക്കുന്നു" എന്ന് ഈശോ പറയുകയും "ആത്മാവിനെ സമർപ്പിക്കുകയും" ചെയ്തു. അങ്ങനെ മനുഷ്യദാഹം ശമിപ്പിക്കുന്ന അരൂപിയാകുന്ന ജീവജലം മനുഷ്യന് സംലഭ്യമാക്കുകയും ചെയ്തു.

"എനിക്കു കുടിക്കാൻ തരുക" (4:7) എന്ന വാക്കുകളിലൂടെ ഈശോ പ്രകടമാക്കുന്ന ദാഹം വെറും പച്ചവെള്ളത്തിനുവേണ്ടിയുള്ള ദാഹമല്ല. യോഹന്നാൻശ്ലീഹായുടെ പ്രതീകാത്മകവും ദൈവശാസ്ത്രപരവുമായ അവതരണമാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്. ആത്മാക്കൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ ദാഹത്തിന്റെ സൂചനയാണ് ഇവിടെ നമുക്ക് ലഭിക്കുക. പാപിനിയായ സമറിയാക്കാരിയുടെ ഉള്ളിന്റെയുള്ളിലുള്ള ദൈവത്തിനുവേണ്ടിയുള്ള ദാഹം ശമിപ്പിക്കുവാനുള്ള ദൈവത്തിന്റെ ദാഹമാണ് ഇവിടെ പ്രകടമാകുക. ദൈവത്തിനുവേണ്ടിയുള്ള മനുഷ്യന്റെ

ദാഹവും മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാഹവും ഇവിടെ സംഗമിക്കുകയാണ്. സമരിയാക്കാരി സ്ത്രീ പാപിനിയായിരുന്നു. നട്ടുച്ചയ്ക്ക് വെള്ളം കോരാൻ തനിയെ വന്നത് അതിന്റെ സൂചനയാണ്. ആരോടും - ദൈവത്തോടും മനുഷ്യരോടും - ശരിയായ സ്നേഹബന്ധമില്ലാതെ ഒറ്റപ്പെട്ടു ജീവിക്കുന്ന അവളുടെ പാപാവസ്ഥയുടെ ഒരടയാളമാണ് അത്. ലോകസുഖങ്ങൾ തേടുന്ന, എത്ര കിട്ടിയാലും മതിവരാതെ പാപത്തിൽ മുഴുകി ജീവിക്കുന്ന, അവളുടെ ഉള്ളിൽ ദൈവത്തിനുവേണ്ടിയുള്ള ദാഹമുണ്ട്. അവൾ അത് അറിയുന്നില്ല എന്നേയുള്ളു. പാപബോധമില്ലാതെ പാപത്തിൽ ജീവിക്കുന്ന ഇന്നത്തെ ലോകത്തിന്റെ ഒരു പ്രതിരൂപമാണവൾ. പക്ഷേ, ദൈവം അതറിയുന്നു. ആ ദാഹം ശമിപ്പിക്കാൻ ദൈവം തന്റെ പുത്രനെ അവളുടെ പക്കലേക്ക് ആനയിക്കുന്നു.

സമരിയാക്കാരി സ്ത്രീക്ക് ഘട്ടംഘട്ടമായി ഈശോ സ്വയം വെളിപ്പെടുത്തുന്നു. ഒരു സാധാരണയഹൂദനിൽനിന്നും ഉയർന്ന ഒരുവനായി ഈശോയെ അവൾ മനസ്സിലാക്കുന്നു. 'പൂർവ്വപിതാവായ യാക്കോബിനേക്കാൾ വലിയവനാണോ നീ?' (4:12) എന്ന ചോദ്യം അവളിൽനിന്ന് ഉയരുന്നുണ്ട്. മൂന്നുഘട്ടങ്ങളിലായാണ് അവൾ ഈശോയെ തിരിച്ചറിയുന്നത്. ആദ്യഘട്ടത്തിൽ ജീവജലത്തിന്റെ ദാതാവായും (4:7–15) പിന്നീട് ഒരു പ്രവാചകനായും (4:16–19) അവസാനം മിശിഹായായും (4:20–26) അവൾ ഈശോയെ തിരിച്ചറിയുന്നു.

**4:7–15, ഈശോ: ജീവജലദാതാവ്:** “ദൈവത്തിന്റെ ദാനം ... ചെയ്യുമായിരുന്നു” (4:10). ഇവിടെ ഈശോ തന്നെ തിരിച്ചറിയുവാൻ സമരിയാക്കാരിയോട് ആവശ്യപ്പെടുകയാണ്. ഈശോയെ വെറും യഹൂദനായിട്ടേ അവൾക്ക് കാണാനായുള്ളു. സമരിയാക്കാരിയായ തന്നോട് യാതൊരു ബന്ധവുമില്ലാത്ത, ബന്ധപ്പെടാൻ പാടില്ലാത്ത, ഒരു യഹൂദൻ! എന്നാൽ തന്റെ യഥാർത്ഥ വ്യക്തിത്വത്തിലേക്ക് കണ്ണു തുറക്കാൻ ഈശോ അവളെ ക്ഷണിക്കുന്നു. അവളോട് സംസാരിക്കുന്ന താൻ അവളെ സ്നേഹിക്കുന്ന ദൈവത്തിന്റെ ദാനമാണ് എന്ന വസ്തുതയിലേക്ക് ഈശോ അവളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. മനുഷ്യനോടുള്ള സ്നേഹത്തെപ്രതി ദൈവം മനുഷ്യനു നല്കിയ ദാനമാണ് ഈശോ: “എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ 3:16). ജീവജലത്തിനുവേണ്ടി ഉള്ളിന്റെയുള്ളിൽ ദാഹിക്കുന്ന സമരിയാക്കാരിയുടെ ദാഹം അറിയുന്ന ദൈവം അവളുടെ ദാഹം തീർക്കുവാനുള്ള ജീവജലവുമായി തന്നെ അയച്ചിരിക്കുകയാണെന്ന വസ്തുതയാണ് ഈശോ ഇവിടെ വെളിപ്പെടുത്തുന്നത്.

**വചനമായ ഈശോ–ജീവജലം:** ജീവജലത്തെ വർത്തമാനകാല ദാനമായും (4:10) ഭാവികാലദാനമായും (4:13–14) അവതരിപ്പിക്കുന്നുണ്ട്. ഈശോയെ ദൈവദാനമായി തിരിച്ചറിഞ്ഞിരുന്നെങ്കിൽ അവൾ അവനോട് ചോദിക്കുകയും ഈശോ അവൾക്ക് ജീവജലം നല്കുകയും ചെയ്യുമായിരുന്നു എന്നു പറയുന്നതുകൊണ്ട് ഇവിടെ പരാമർശിക്കുന്ന ജീവജലം വചനമാണെന്നു പറയാം. ഈശോ മാംസമായ വചനമാണല്ലോ (യോഹ 1:14). അതുകൊണ്ട് വർത്തമാനകാലദാനം -ഇപ്പോൾ നല്കപ്പെട്ടിരിക്കുന്ന ദാനം- എന്നത് വചനമായ ഈശോയെ സൂചിപ്പിക്കുന്നു. വചനം ജീവദായകമാണ്: “സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്” (യോഹ 5:24). വചനം വെളിപ്പെടുത്തലാണ്; വചനമായ ഈശോ വെളിപാടിന്റെ സംവാഹകനാണ്. പഴയനിയമത്തിൽ ദൈവഹിതം ജനത്തിന് വെളിപ്പെട്ടിരുന്നത് അവിടുന്ന് നല്കിയ നിയമങ്ങളിലൂടെയായിരുന്നു. യഹൂദറബ്ബിമാരുടെ ലിഖിതങ്ങളിൽ 'തോറാ'യുടെ പ്രതീകമായി 'ജലം' ഉപയോഗിക്കുന്നുണ്ട്. യഹൂദനിയമത്തെ 'ദാന'മായാണ് കണക്കാക്കിയിരുന്നത്. അതുപോലെതന്നെ, പഴയനിയമത്തിൽ 'ജ്ഞാന'ത്തെ ജീവജലത്തോട് ഉപമിച്ചിട്ടുണ്ട് (സുഭാ 13:14; 18:4). പുതിയനിയമത്തിൽ 'രക്ഷ'യും (എഫേ 4:7) 'പരിശുദ്ധാത്മാവും' (ശ്ലീഹ. നട 2:38) 'ദൈവവചന'വും (യാക്കോ 1:17–18; ഹെബ്രാ 6:4) ദാനങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്നു. ഈശോ സമരിയാക്കാരിക്ക് തന്നെത്തന്നെ വെളിപ്പെടുത്തുമ്പോൾ 'ദൈവത്തിന്റെ ദാനം' 'നിന്നോടു സംസാരിക്കുന്നവനാണ്' എന്ന് പറയുന്നു. വചനമായ ഈശോ പിതാവിനെ ലോകത്തിന് വെളിപ്പെടുത്തുന്ന വലിയ ദാനമാണ്. ദൈവികജീവന്റെ, ദൈവസ്നേഹത്തിന്റെ ദാനമാണ് അവിടുന്ന്.

**പരിശുദ്ധാത്മാവ്–ജീവജലം:** ജീവജലം ഭാവികാലദാനമായി (4:13–14) ഈശോ പറയു

മ്പോൾ ദൈവത്തിന്റെ ഏറ്റവും വലിയ ദാനമായ പരിശുദ്ധാത്മാവാണ് സൂചിതം. ദൈവത്തിന്റെ അരൂപിയാകുന്ന ദാനം എല്ലാ മനുഷ്യർക്കുമുള്ള സാർവ്വത്രികദാനമാണ്. പരിശുദ്ധാത്മാവാകുന്ന ദാനം വ്യക്തിയുടെ ജീവിതത്തിൽ ദൈവസ്നേഹത്തിന്റെയും നിത്യജീവന്റെയും വറ്റാത്ത ഉറവയാവും. "ഞാൻ നല്കുന്ന ജലം അവനിൽ നിത്യജീവനിലേക്കു *നിർഗളിക്കുന്ന* (ഗ്രീക്കിൽ ഹാല്ലൊമായി) അരുവിയാകും" (4:14). അരുവിയായി നിർഗ്ഗളിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് പഴയനിയമത്തിൽ വിവരിക്കുമ്പോഴും ഈ പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് (1 സാമു 10:10). ന്യായാധിപന്മാരുടെ പുസ്തകത്തിൽ സാംസണിന്റെമേൽ ആത്മാവ് ശക്തിയോടെ ആവസിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (14:6-19). മോശയുടെ നിയമത്തോടു ബന്ധപ്പെടുത്തിയും ഈ വാക്ക് ഉപയോഗിക്കുന്നുണ്ട് (സംഖ്യ 21:17-18). അതുകൊണ്ട് വചനമാകുന്ന ജീവജലത്തെത്തുടർന്ന് വാഗ്ദാനം ചെയ്യുന്ന ഈ ജീവജലം പരിശുദ്ധാത്മാവുതന്നെയാണ്. ദൈവവചനവും ദൈവാരൂപിയും ഒന്നിച്ചാണ് പ്രവർത്തിക്കുക. ദൈവവചനത്തെ ജീവിതത്തിൽ സ്വാംശീകരിക്കുവാനും ആന്തരീകരിക്കുവാനുമുള്ള ശക്തി തന്ന് സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. മാത്രമല്ല, പരിശുദ്ധാത്മാവാകുന്ന ദാനം ഭാവികാലവാഗ്ദാനമായിട്ടാണ് ഈശോ വാഗ്ദാനം ചെയ്യുന്നത്. ഈശോയുടെ മഹത്ത്വീകരണത്തിനുശേഷമേ ഈ ദാനം ലഭിക്കൂ (7:37-39). പിതാവിൽനിന്നും പുറപ്പെട്ട് പുത്രനിലൂടെ വിശ്വാസികൾക്ക് നല്കപ്പെടുന്ന പരിശുദ്ധാത്മാവ് നിത്യജീവന്റെ അച്ചാരമാണ്.

ഭർത്താക്കന്മാരെ മാറിമാറിസ്വീകരിച്ച് ലോകത്തിന്റെ സുഖഭോഗങ്ങളുടെ പിന്നാലെ പോകുന്ന അവളുടെ ജീവിതത്തിന്റെ ഒരു പ്രതീകമാണ് പച്ചവെള്ളം. അവളുടെ ആന്തരികദാഹം തീർക്കുവാൻ ഈ ലോകത്തിന്റെ സുഖഭോഗങ്ങൾക്ക് ഒരിക്കലും സാധിക്കുകയില്ല. ഈശോ നല്കുന്ന പരിശുദ്ധാത്മാവിനാൽ പുതുജീവൻ പ്രാപിച്ച് ദൈവവചനമാകുന്ന അവിടുത്തെ സ്വീകരിച്ച് യഥാർത്ഥ വിശ്വാസജീവിതം നയിച്ചാൽ മാത്രമേ അവളുടെ ദാഹം നിത്യമായി ശമിക്കുകയുള്ളു എന്ന് അവളെ ഈശോ ബോധ്യപ്പെടുത്തുകയാണ്.

**4:16-19, ഈശോ: പ്രവാചകൻ:** ആന്തരികദാഹം ശമിപ്പിക്കുന്ന ജീവജലത്തെപ്പറ്റിയുള്ള വെളിപ്പെടുത്തൽ ലഭിച്ചപ്പോൾ, ആ ജീവജലം കിട്ടണമെന്ന ആഗ്രഹം സമറിയാക്കാരിയിലുണ്ടായി. അവളുടെ ആഗ്രഹം അറിയിച്ചപ്പോൾ അവളുടെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരുവാൻ ഈശോ അവളോട് ആവശ്യപ്പെട്ടു. ഇതിലൂടെ ഈശോ അവളുടെ പാപാവസ്ഥയിലേക്ക് വിരൽചൂണ്ടുകയായിരുന്നു. അവളുടെ സാന്മാർഗ്ഗിക അവസ്ഥയെപ്പറ്റി അവളിൽ ബോധം ജനിപ്പിക്കുക എന്ന ലക്ഷ്യം ഈശോയ്ക്കുണ്ടായിരുന്നു. ജീവജലം സ്വീകരിക്കുവാൻ ഒരു ഒരുക്കം ആവശ്യമാണ്; പാപകരമായ അവസ്ഥയിൽനിന്നും ഒരു മാറ്റം ആവശ്യമാണ്. മാനസാന്തരാനുഭവത്തിലൂടെ കടന്നുപോകേണ്ടതുണ്ട്. ദൈവത്തെ മാനദണ്ഡമാക്കിയുള്ള സ്വയം കണ്ടെത്തലാണ് ദൈവത്തെ കണ്ടെത്താനുള്ള വഴി. മാനസാന്തരത്തിന്റെ ആദ്യപടി തന്നിലുള്ള പാപത്തെ അംഗീകരിക്കുക എന്നതാണ്. "എനിക്കു ഭർത്താവില്ല" എന്ന അവളുടെ മറുപടി മാനസാന്തരമെന്ന വേദനാജനകമായ പ്രക്രിയയെ പ്രതിരോധിക്കുന്ന മനഃശാസ്ത്രപരമായ മറുപടിയാണ്.

പാപാവസ്ഥ അരൂപിയെ സ്വീകരിക്കുന്നതിനും ശരിയായ വിശ്വാസജീവിതത്തിനും തടസ്സം സൃഷ്ടിക്കും. യോഹന്നാൻസുവിശേഷകന്റെ അവതരണത്തിൽ പാപം വിശ്വാസമില്ലായ്മയും സ്നേഹമില്ലായ്മയുമാണ്: "ഞാൻ ആകുന്നു എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" (യോഹ 8:24). ഈശോയിൽ വിശ്വസിക്കുക എന്നു പറഞ്ഞാൽ ഈശോയിലൂടെയുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനും സ്വയം നല്കലിനും ക്രിയാത്മകമായി പ്രത്യുത്തരം നല്കുക എന്നാണ് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ വെളിപ്പെടുത്തൽ സ്നേഹത്തിന്റെ ഭാഷയിലായതുകൊണ്ട്, സ്നേഹത്തിന്റേതായ ഒരു പ്രത്യുത്തരത്തിന്റെ സ്വഭാവമാണ് വിശ്വാസത്തിനുള്ളത്. ദൈവത്തിന്റെ സ്നേഹം സ്വീകരിച്ച് ആ സ്നേഹത്തിനു പ്രത്യുത്തരം നല്കുമ്പോൾ, അത് ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ഒരു പ്രത്യുത്തരമാകും. ഇത്തരത്തിലുള്ള ഒരു പ്രത്യുത്തരത്തിന്റെ അഭാവമാണ് പാപം. സമറിയാക്കാരി ഇത്തരത്തിലുള്ള പാപകരമായ ഒരു ജീവിതാവസ്ഥയിലായിരുന്നു. അതിനു മാറ്റം വരുത്തുവാൻ ഈശോ അവളെ ക്ഷണിക്കുകയാണ്.

ജീവജലം ആവശ്യപ്പെട്ട സ്ത്രീയോട് ഭർത്താവിനെ കൂട്ടിക്കൊണ്ടു വരുവാൻ ഈശോ ആവശ്യപ്പെടുന്നത് തന്റെ ദൈവിക വ്യക്തിത്വം വെളിപ്പെടുത്തുന്നതിന്റെ ഭാഗമാ

യാണ്. മറ്റുള്ളവരുടെ ജീവിതരഹസ്യങ്ങൾപോലും അറിയുന്നവനാണ് താൻ എന്ന് ഇവിടെ ഈശോ വ്യക്തമാക്കുകയാണ്. തന്റെ ജീവിതത്തിന്റെ ഉള്ളറകളിലേക്ക് മറ്റാരേയും പ്രവേശിപ്പിക്കാൻ താല്പര്യം കാണിക്കാത്ത സ്ത്രീ ഈശോയെ ഒരു പ്രവാചകനായി മനസ്സിലാക്കുന്നു (4:19). സമറിയാക്കാർ പ്രവാചകഗ്രന്ഥങ്ങൾ അംഗീകരിച്ചിരുന്നില്ല. എന്നാൽ മോശയെപ്പോലുള്ള പ്രവാചകരെ പ്രതീക്ഷിച്ചിരുന്നു (നിയമാ 18:15-18). ഈശോയിൽ ഈ പ്രതീക്ഷ പൂർത്തീകരിച്ചു എന്ന വിശ്വാസത്തോടെയാണ് അവിടുത്തെ പ്രവാചകനെന്ന് സമറിയാക്കാരി സംബോധന ചെയ്യുന്നത്.

**4:20-26, ഈശോ: വരാനിരിക്കുന്ന മിശിഹാ:** യഥാർത്ഥ ആരാധനയുടെ വിവരണത്തിനൊടുവിൽ ഈശോ അവൾക്ക് സ്വയം വെളിപ്പെടുത്തുന്നു. മിശിഹായെ പ്രതീക്ഷിച്ച് കഴിയുന്ന ജനത്തിനുള്ള മറുപടിയാണ് ഈശോയുടെ ഈ വെളിപ്പെടുത്തൽ. "ആ സ്ത്രീ പറഞ്ഞു: മിശിഹാ വരുമെന്ന് എനിക്കറിയാം. അവൻ വരുമ്പോൾ എല്ലാക്കാര്യങ്ങളുടെ ഞങ്ങളെ അറിയിക്കും. ഈശോ അവളോട് പറഞ്ഞു: നിന്നോടു സംസാരിക്കുന്ന ഞാൻതന്നെയാണ് അവൻ" (4:25-26). ഈശോയുടെ ഈ വെളിപ്പെടുത്തലിന് ദൈവശാസ്ത്രപരമായ അർത്ഥതലങ്ങളുണ്ട്. പഴയനിയമത്തിൽ ദൈവം രക്ഷിക്കുന്നതും ശിക്ഷിക്കുന്നതുമായ തന്റെ പ്രവർത്തനങ്ങളിലൂടെ തന്നെക്കുറിച്ചുള്ള അറിവ് ജനത്തിന് വാഗ്ദാനം ചെയ്യുന്നു. "ഞാൻ ഞാൻ തന്നെ" (പുറ 3:14) എന്നു പറഞ്ഞുകൊണ്ടാണ് അവിടുന്ന് മോശയ്ക്ക് സ്വയം വെളിപ്പെടുത്തിയത്. ഈ വെളിപ്പെടുത്തലിനോട് ചേർന്നുപോകുന്നതാണ് ഈശോയുടെ വെളിപ്പെടുത്തൽ. ഈശോ ദൈവമാണ്; അവിടുത്തെ നാമം ദൈവത്തിന്റെ നാമം തന്നെയാണ്. രക്ഷിക്കുന്ന ദൈവമായി അവിടുന്ന് തന്നെത്തന്നെ വെളിപ്പെടുത്തുന്നു.

'ഞാനാകുന്നു' (I am) എന്ന പ്രയോഗം വി. യോഹന്നാന്റെ സുവിശേഷത്തിൽ മൂന്നു വിധത്തിൽ കാണുന്നുണ്ട്. 1. ആഖ്യാതം (predicate) വ്യക്തമായി പറയുന്നത്, 2. ആഖ്യാതം പരോക്ഷമായി സൂചിപ്പിക്കുന്നത്, 3. ആഖ്യാതം ഇല്ലാത്തത്. ആഖ്യാതം വ്യക്തമായി പറയുന്നതിനുദാഹരണങ്ങളാണ് 'ഞാൻ ജീവന്റെ അപ്പമാകുന്നു' (6:35), 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' (8:12) തുടങ്ങിയവ. ഇത് പ്രതീകാത്മക അർത്ഥം ഉൾക്കൊള്ളുന്നതാണ്. ആഖ്യാതം പരോക്ഷമായി സൂചിപ്പിക്കുന്നതിനുദാഹരണമാണ് യോഹ 4:26. അതായത്, ഇവിടെ മിശിഹായെക്കുറിച്ച് ചോദിക്കുമ്പോൾ 'ഞാൻ തന്നെ' എന്ന ഉത്തരം നല്കുന്നതിലൂടെ താൻ മിശിഹായാണെന്ന് ഈശോ പ്രഖ്യാപിക്കുകയും അതോടൊപ്പം തന്റെ ദൈവത്വത്തെ പരോക്ഷമായി സൂചിപ്പിക്കുകയും ചെയ്യുന്നു. ആഖ്യാതം ഇല്ലാതെ ഈ പ്രയോഗം ഉപയോഗിക്കുമ്പോൾ താൻ ദൈവനാമധാരിയാണെന്ന് (പുറ 3:14) അഥവാ ദൈവമാണെന്ന് വ്യക്തമായി പ്രഖ്യാപിക്കുന്നു (6:20; 8:24,28). സമറിയാക്കാരിയോടുള്ള സംഭാഷണത്തിൽ ഇതിൽ രണ്ടാമത്തെ പ്രയോഗമാണുള്ളത്. ഇതിലൂടെ അവൾ പ്രതീക്ഷിക്കുന്ന മിശിഹാ താൻ തന്നെയാണെന്നും അതോടൊപ്പം താൻ ദൈവമാണെന്നും അവൾക്ക് വെളിപ്പെടുത്തുകയാണ്.

**യഥാർത്ഥ ആരാധനയും ആരാധകരും:** ഈശോ ദൈവസന്നിധിയിൽ നില്ക്കുന്ന, ദൈവത്തിന്റെ വക്താവായ പ്രവാചകനാണെന്ന് മനസ്സിലാക്കിയപ്പോഴാണ് സമറിയാക്കാരി യഹൂദരും വിജാതീയരും തമ്മിലുള്ള ശത്രുതയുടെയും വ്യത്യസ്ത ആരാധനകേന്ദ്രങ്ങളുടെയും ആരാധനയുടെയും പ്രശ്നം അവതരിപ്പിക്കുന്നത്. വിജാതീയരായ അസ്സീറിയാക്കാരോട് കലർന്ന യഹൂദരാണ് സമറിയാക്കാർ. അതിനാൽത്തന്നെ അവർക്ക് ജറുസലേമിൽ ആരാധനയർപ്പിക്കാൻ സാധിക്കുമായിരുന്നില്ല. ആരാധിക്കാൻ ദൈവജനത്തിന് ഒരു സ്ഥലമേ ഉണ്ടാകാവൂ എന്നാണ് ദൈവകല്പന (നിയമാ 12:2-12). അവരുടെ ഏകദൈവവിശ്വാസത്തിന്റെ ഭാഗമായിരുന്നു ഈ കല്പന. എന്നാൽ യഥാർത്ഥ ആരാധനാസ്ഥലം ജറുസലേം ദൈവാലയമാണെന്ന് യഹൂദരും അനുഗ്രഹമല എന്നർത്ഥമുള്ള ഗരീസിംമലയാണെന്ന് സമറിയാക്കാരും വാദിക്കുന്നു. മിശിഹാ വരുമ്പോൾ ഈ തർക്കം തീരുമെന്ന് സമറിയാക്കാർ പ്രതീക്ഷിച്ചിരുന്നു. അതുകൊണ്ടാണ് അവൾ ഈശോയോട് ഇതേക്കുറിച്ച് ചോദിക്കുന്നത്.

തന്റെ ജീവിതം ആയിരിക്കുന്നതുപോലെ കാണുന്ന മിശിഹായുടെ മുമ്പിൽ നിന്നപ്പോൾ ദൈവവുമായി ശരിയായ ബന്ധത്തിലേക്കു വരാൻ സമറിയാക്കാരി ആത്മാർത്ഥമായി ആഗ്രഹിച്ചു. അതുകൊണ്ടാണ് അവൾ ആരാധനയെപ്പറ്റി ചോദിച്ചത്. ഈശോയാകട്ടെ ആരാധനയുടെ സ്ഥലമല്ല, യഥാർത്ഥ ആരാധനയുടെ സ്വഭാവമാണ് വ്യക്തമാക്കിക്കൊടുക്കു

ന്നത്. ഈശോ കൊടുക്കുന്ന ജീവജലം-വചനവും അരൂപിയും- പാനംചെയ്ത് അരൂപിയിൽ വിശ്വാസജീവിതം നയിക്കുന്നവരുടെ ആരാധനയാണ് യഥാർത്ഥ ആരാധന. 'ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്നതാണ് യഥാർത്ഥ ആരാധന' (4:24). 'ആത്മാവ്' പരിശുദ്ധാത്മാവാണ്. 'സത്യം' ഈശോയും (14:6). ഈശോ സത്യമാകുന്നത് ദൈവത്തിന്റെ വചനമായതുകൊണ്ടാണ് (17:17). ആത്മാവിലൂടെയാണ് ദൈവമനുഷ്യബന്ധം സ്ഥാപിക്കാൻ കഴിയുക. ഈ അരൂപി പുത്രസ്വീകാരത്തിന്റെ ആത്മാവാണ്: "നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവുമൂലമാണ് നാം ആബാ-പിതാവേ എന്നു വിളിക്കുന്നത് (റോമ 8:15). പരിശുദ്ധാത്മാവിൽ പുത്രനിലൂടെ പിതാവിനെ ആരാധിക്കുക എന്നതാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. ഇത് ത്രിത്വാരാധനയെയാണ് സൂചിപ്പിക്കുന്നത്. ത്രിത്വാരാധനയെക്കുറിച്ചുള്ള ആദ്യവാക്യവും ഇതുതന്നെയാണ്. പിതാവാണ് ആരാധനയുടെ വിഷയം. ത്രിത്വാത്മകകൂട്ടായ്മയിലാണ് ആരാധിക്കേണ്ടത്. പരിശുദ്ധാത്മാവിൽ, സത്യമായ ഈശോയിലൂടെ പിതാവിനെ ആരാധിക്കുക. പ്രൊട്ടസ്റ്റന്റുകാർ ഇതിനെ കേവലം ആത്മീയ ആരാധനയായി കാണുന്നു. എന്നാൽ പദവിന്യാസം മനസ്സിലാക്കുകയാണെങ്കിൽ ഇതു ത്രിത്വാരാധനയെ സംബന്ധിച്ചുള്ളതാണെന്നു മനസ്സിലാക്കാം.

**വിചിന്തനം: 4:1-14,** നട്ടുച്ചനേരത്ത് ക്ഷീണിച്ച് അവശനായ ഈശോ സമരിയാക്കാരിസ്ത്രീയോട് പ്രകടിപ്പിച്ച ദാഹം വെള്ളത്തിനുവേണ്ടിയുള്ളതായിരുന്നില്ല. ഈശോ കുരിശിൽ പ്രകടിപ്പിച്ച ദാഹവും ഇതിനോട് ചേർന്നുപോകുന്നതാണ്. അത് മനുഷ്യമക്കളെ ദൈവമക്കളാക്കി ഉയർത്താനുള്ള, അവരുടെ ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമായിരുന്നു. എല്ലാ മനുഷ്യരും ദൈവത്തിലേക്ക് പൻതിരിഞ്ഞ് അവിടുത്തെ മക്കളായി തീരുന്നതുവരെ ഈശോയുടെ ഈ ദാഹം തീരുകയില്ല. നമ്മുടെ ഓരോരുത്തരുടെയും ഉള്ളിന്റെയുള്ളിൽ ദൈവത്തിനുവേണ്ടിയുള്ള ദാഹമുണ്ട്. ഈ ദാഹം തീർക്കുവാൻ മനുഷ്യനെക്കാൾ കൂടുതൽ ആഗ്രഹിക്കുന്നത് ദൈവംതന്നെയാണ്. നമ്മിലുള്ള ഈ ദാഹത്തെ തിരിച്ചറിഞ്ഞ് അതു തീർക്കുവാൻ ദാഹിക്കുന്ന ദൈവത്തെ വിശ്വാസത്തോടും തുറവിയോടുംകൂടെ സമീപിച്ചാൽ അരൂപിയാകുന്ന ജീവജലം നല്കി ദൈവം നമ്മെ അനുഗ്രഹിക്കും.

ജീവജലത്തിന്റെ ദാതാവായ ഈശോയുമായുള്ള കണ്ടുമുട്ടൽ ഒരു വ്യക്തിയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. ഒരുവന്റെ സാധാരണ ജീവിതാവസ്ഥകളിലേയ്ക്ക് കടന്നുചെന്നുകൊണ്ട് ദൈവം ഇടപെടുന്നതിന്റെ മനോഹരമായ ഉദാഹരണമാണ് സമരിയാക്കാരിയുമായുള്ള ഈ കണ്ടുമുട്ടൽ. മാനുഷിക കാഴ്ചപ്പാടുകളും കണക്കുകൂട്ടലുകളും ഇവിടെ തകിടംമറിയുകയാണ്. മനുഷ്യൻ എത്ര ധനികനെന്ന് സ്വയം ഭാവിച്ചാലും ദൈവത്തിന്റെ സമ്പന്നതയ്ക്കു മുമ്പിൽ അവൻ പരമദരിദ്രനാണ്. മനുഷ്യരെ ദൈവത്തിൽ സമ്പന്നരാക്കാൻവേണ്ടി ഈശോ ദരിദ്രനായി, തന്റെ ദാനത്തിന്റെ സമ്പത്തിനെ മറച്ചുവച്ചു. ഈ അനന്യമായ സമ്പത്തിൽ ഭാഗഭാക്കുകളാകാൻ ജീവജലം നുകരുവാനാണ് ഈശോ സമരിയാക്കാരിയെ ക്ഷണിക്കുന്നത്. ജീവജലം സ്വീകരിക്കണമെങ്കിൽ അതിന് ചില വ്യവസ്ഥകളുണ്ട്. ദൈവമാണ് ജീവജലത്തിന്റെ ഉറവിടമെന്നും അവിടുന്നിൽനിന്നാണ് ഈ ദാനം സ്വീകരിക്കേണ്ടതുമെന്നുള്ള അറിവാണ് ഒന്നാമതായി അവിടുന്ന് ആവശ്യപ്പെടുന്നത്. രണ്ടാമതായി സ്വന്തം ദാരിദ്ര്യത്തെക്കുറിച്ചുള്ള അറിവുവേണം; കുറവിനെ നികത്താൻ, നിറയ്ക്കാൻ സ്വന്തം ജീവിതത്തെ ദൈവത്തിനു മുമ്പിൽ തുറന്നുവയ്ക്കാനുള്ള സമർപ്പണത്തിന്റെ മനോഭാവം ഉൾക്കൊള്ളണം. വ്യക്തികളിലൂടെ സംഭവങ്ങളിലൂടെ ജീവിതത്തിലേക്ക് കടന്നുവരുന്ന ദൈവത്തെ ദർശിക്കുവാനുള്ള ആന്തരികകാഴ്ചയും തിരിച്ചറിവുമുണ്ടാകണം.

ക്രിസ്തീയജീവിതം പരിശുദ്ധാത്മാവിലുള്ള ജീവിതമാണ്. മാമ്മോദീസായിൽ തുടക്കംകുറിക്കുന്നതും കൂദാശാജീവിതത്തിലൂടെ പരിപോഷിപ്പിക്കപ്പെടുന്നതുമായ ആത്മാവിലുള്ള ജീവിതം നയിക്കുന്നതിലൂടെ മാത്രമേ നമ്മുടെ ആന്തരികദാഹം ശമിക്കുകയുള്ളു. ക്രമമായ കൂദാശാജീവിതത്തിലൂടെ ഈ ജീവജലം നാം ആവോളം പാനം ചെയ്യണം. ജീവിതത്തിൽ വചനാനുസൃതം രൂപാന്തരം സംഭവിപ്പിക്കുന്നതും പരിശുദ്ധാത്മാവാണ്. വചനവും അരൂപിയും കൂടിച്ചേർന്നുള്ള പ്രവർത്തനം നിത്യജീവൻ പ്രദാനംചെയ്യുന്നു. മനുഷ്യന്റെ അടിസ്ഥാനപരമായ 'ദാഹം' ദൈവത്തിനുവേണ്ടിയുള്ളതാണ്. ഈ ദാഹം ശമിപ്പിക്കുവാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. ഈ ലോകത്തിൽ മറ്റൊന്നിനും നല്കുവാൻ

സാധിക്കാത്ത സംതൃപ്തി ഈശോ പ്രദാനം ചെയ്യുന്നു. ദൈവസൃഷ്ടിയായ മനുഷ്യൻ ഉറവിടത്തിലെത്തിച്ചേരുന്നതുവരെ ദൈവത്തിനായി ദാഹിച്ചുകൊണ്ടിരിക്കും.

**4:16–19:** 'നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരുക' എന്ന ഈശോയുടെ വാക്കുകൾ മാനസാന്തരത്തിലേക്കുള്ള ക്ഷണമാണ്. നശ്വരമായ സുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുന്ന അവളെ അനശ്വരമായ ജീവന്റെ ഉറവിടത്തിലേക്കു കടന്നുവരുവാൻ ഈശോ ആഹ്വാനം ചെയ്യുകയാണ്. ഈശോ വച്ചുനീട്ടുന്ന ജീവജലം സ്വീകരിച്ച് ധന്യമായ ഒരു ജീവിതം നയിക്കുവാൻ സാധിക്കണമെങ്കിൽ ഈശോയുടെ വെളിപ്പെടുത്തലിനു പിന്നിലുള്ള ദൈവത്തിന്റെ സ്നേഹം നാം തിരിച്ചറിയുകയും ആ സ്നേഹത്തിലേക്ക് നിർണ്ണായകമായി തിരിയുകയും വേണം. ഈ തിരിവിനാണ് മാനസാന്തരാനുഭവം എന്നു പറയുന്നത്. ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനം ഈ മാനസാന്തരാനുഭവത്തിലാണ്. ഇത് ഒരിക്കൽ സംഭവിച്ചാൽ പോരാ. നാം പാപബദ്ധരായതുകൊണ്ട്, പാപബദ്ധമായ മനുഷ്യപ്രകൃതിയുടെ ഉടമകളായതുകൊണ്ട് ഈ 'തിരിവ്' അല്ലെങ്കിൽ 'മാനസാന്തരം' നമ്മിൽ നിരന്തരമായി നടന്നുകൊണ്ടിരിക്കണം.

**4:20–26:** വിശ്വാസത്തിന്റെ സമുന്നതമായ പ്രകാശനമാണ് ആരാധന. സത്യവിശ്വാസമില്ലാത്തിടത്ത് സത്യമായ ആരാധനയുമില്ല. അതുകൊണ്ടു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ആരാധനാസ്ഥലമല്ല പ്രശ്നം. മറിച്ച്, ആരാധകനാണ്. ഈ ആരാധന മിശിഹാകേന്ദ്രീകൃതവും സഭാത്മകവുമാണ്. സഭ ത്രിത്വ കൂട്ടായ്മയിൽ ഒന്നുചേർന്നവരുടെ സമൂഹമാണ്. ഈ സഭയിലാണ് യഥാർത്ഥ ആരാധന നടക്കേണ്ടത്. മിശിഹായിൽ വിശ്വസിക്കുന്നവരാണ്, ത്രിത്വവുമായി കൂട്ടായ്മയിലായിരിക്കുന്നവരാണ് യഥാർത്ഥത്തിൽ ആരാധന നടത്തുന്നത്. നാം അനുദിനം അർപ്പിക്കുന്ന പരി. കുർബാനയിലാണ് ഈ ആരാധന അന്വർത്ഥമാകുന്നത്. പരിശുദ്ധാത്മാവിൽ ജനിച്ച് വചനമാകുന്ന മിശിഹായെ സ്വീകരിച്ച് പിതാവായ ദൈവത്തിന്റെ പുത്രത്വത്തിൽ ജീവിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. ഈ സഭാജീവിതത്തിന്റെ ഏറ്റം ഉദാത്തമായ പ്രകാശനമാണ് പരി. കുർബാനയാഘോഷം. സഭ ഒരു കൂട്ടായ്മയാണെന്നു പറയുമ്പോൾ ഈ ത്രിത്വാത്മകകൂട്ടായ്മയാണ് നാം അർത്ഥമാക്കുന്നത്. ഈ സഭാത്മകകൂട്ടായ്മയുടെ ആഘോഷമാണ് പരി. കുർബാന. സഭയിൽ നിലവിലിരിക്കുന്ന എല്ലാ ലിറ്റർജികളിലും പരി. കുർബാനകളിലുമുള്ള രണ്ട് പ്രാർത്ഥനകൾ ഇത് സൂചിപ്പിക്കുന്നുണ്ട്. വി. പൗലോസിന്റെ ലേഖനത്തിൽനിന്നെടുത്തിട്ടുള്ള ആശീർവാദപ്രാർത്ഥനയാണ് അതിലൊന്ന്: "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" (2 കൊറി 13:13). മറ്റൊന്ന് കർതൃപ്രാർത്ഥനയാണ്. പരി. കുർബാനസ്വീകരണത്തിലൂടെ സഭാകൂട്ടായ്മ ഊട്ടിയുറപ്പിക്കപ്പെടുന്നതിനൊരുക്കമായി എല്ലാ കുർബാനയാഘോഷങ്ങളിലും ഈ കർതൃപ്രാർത്ഥന ചൊല്ലുന്നുണ്ട്. പരി. കുർബാനയുടെ ഈ ആരാധനാസ്വഭാവം മനസ്സിലാക്കി അത് ശരിയായവിധം ആഘോഷിക്കുവാനും ത്രിത്വാത്മക കൂട്ടായ്മാനുഭവം നവീകരിക്കത്തക്കവിധം അതിൽ പങ്കുചേരുവാനും നാം ശ്രമിക്കേണ്ടതാണ്.

ഈശോയിൽ ദൈവത്തിന്റെ അഭിഷിക്തനെ കണ്ട് ദൈവാനുഭവം ഉൾക്കൊണ്ട സമറിയാക്കാരി തന്റെ ദൈവാനുഭവം പട്ടണത്തിലെ എല്ലാവരുമായി പങ്കുവച്ചു. അവൾ അവരെ ഈശോയിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നു. ശിഷ്യത്വത്തിന്റെ ഉദാത്തമാതൃകയാണ് ഈ സ്ത്രീയിൽ കണ്ടെത്താനാവുക. സുവിശേഷം സാക്ഷിക്കുന്ന ആദ്യത്തെ പ്രേഷിതയാണവൾ. ഈശോയുമായുള്ള കണ്ടുമുട്ടൽ അവളിൽ വളരെ വലിയ ഒരു ജീവിതപരിവർത്തനമുളവാക്കി. ഈശോയാകുന്ന പ്രകാശത്തിന്റെ മുമ്പിലിരുന്ന് അവൾ തന്റെ കഴിഞ്ഞകാലജീവിതത്തെ വായിച്ചു. തിരുത്തിയെഴുതേണ്ട തലങ്ങളെ തിരുത്തിയെഴുതുവാനും സ്വീകരിക്കേണ്ട പുതിയ ഉൾക്കാഴ്ചകളെ സ്വീകരിക്കുവാനും അവൾ ദൈവത്തിന്റെ മുമ്പിൽ തുറന്നു. ദൈവുമായുള്ള കണ്ടുമുട്ടൽ എത്രമാത്രം ശക്തമാണോ അത്രമാത്രം ധീരമായിരിക്കും ഒരു വ്യക്തിയുടെ പങ്കുവയ്ക്കലും.

ഈശോയുമായുള്ള കണ്ടുമുട്ടൽ സമറിയാക്കാരിയിൽ വിപ്ലവാത്മകമായ ചലനങ്ങൾ സൃഷ്ടിച്ചു. അവളിലൂടെ അനേകർ ഈശോയിൽ വിശ്വസിക്കുന്നു. ആ പട്ടണനിവാസികളുടെ അഭ്യർത്ഥനയെ മാനിച്ച് ഈശോ അവരോടൊത്ത് താമസിക്കുന്നു. "അവന്റെ വചനം ശ്രവിച്ച മറ്റു പലരും അവനിൽ വിശ്വസിച്ചു" (4:41) എന്നാണ് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നത്. ഈശോ 'ലോകരക്ഷകനാണ്' എന്ന് തിരിച്ചറിയത്തക്കവിധം വചനത്താൽ ഈശോ അവരുടെ ഉൾക്കണ്ണുകളെ തുറന്നു. യഹൂദരല്ല, വിജാതീയരാണ് ഈ വിശ്വാസ പ്രഖ്യാപനം ആദ്യം നടത്തിയത്. സ്ത്രീയുടെ സാക്ഷ്യത്തേക്കാളുപരി ഈശോയെ കണ്ടനുഭവിച്ചതിലൂടെ അവർ ഈശോയുടെ ഉത്തമശിഷ്യരായി മാറുന്നു.



ഈശോയും സമറിയാക്കാരിയും തമ്മിലുള്ള സംഭാഷണം അവസാനിക്കുമ്പോൾ ഭക്ഷണം വാങ്ങാനായി പോയിരുന്ന ശിഷ്യന്മാർ മടങ്ങിയെത്തി. ഈശോ ആ സ്ത്രീയുമായി സംസാരിക്കുന്നതുകണ്ട് അവർ അത്ഭുതപ്പെടുന്നു (4:27). കാരണം, യഹൂദറബ്ബിമാർ സ്ത്രീകളോട് പരസ്യമായി സംസാരിച്ചിരുന്നില്ല. മനുഷ്യർതന്നെയുണ്ടാക്കിയ ഈ യഹൂദപാരമ്പര്യത്തിനെതിരായാണ് ഈശോ പ്രവർത്തിച്ചത്. തന്റെ രക്ഷാകരപ്രവർത്തനങ്ങളോട് യോജിക്കാത്ത മനുഷ്യത്വരഹിതമായ പാരമ്പര്യങ്ങളെ തിരുത്തേണ്ടത് ഒരു ആവശ്യമായി ഈശോ കരുതി. അതുപോലെതന്നെ ആ സ്ത്രീ ഒരു പരസ്യപാപിനിയായിരുന്നു എന്നതും ശിഷ്യന്മാരെ അത്ഭുതപ്പെടുത്തി. നട്ടുച്ചനേരത്ത് മറ്റാരുടേയും ശ്രദ്ധയിൽപെടാതെ ഒറ്റയ്ക്ക് വെള്ളം കോരാൻ എത്തി എന്നതുതന്നെ അവൾ ഒരു പാപിനിയായിരുന്നു എന്ന് തെളിയിക്കുന്നു. അവൾക്ക് ദൈവവുമായും സഹോദരങ്ങളുമായും ബന്ധമുണ്ടായിരുന്നില്ല. ദൈവവും മറ്റുള്ളവരുമായുള്ള സ്നേഹത്തിലുള്ള ബന്ധമാണ് നിത്യജീവന് ആധാരം.

കുടം ഈശോയുടെ സമീപം വച്ചിട്ട് പട്ടണവാസികളുടെയിടയിൽ പ്രേഷിതപ്രവർത്തനം നടത്താനായി സമറിയാക്കാരി പോകുമ്പോൾ ഈശോ പ്രേഷിതദൗത്യത്തെപ്പറ്റി ശിഷ്യരെ പഠിപ്പിക്കുന്നു. 'ഭക്ഷണത്തിന്റെയും കൊയ്ത്തിന്റെയും' രൂപകങ്ങൾ ഉപയോഗിച്ചാണ് ഈശോ പഠിപ്പിക്കുന്നത്. പ്രേഷിതത്വം ഈശോയുടെ ജീവിതത്തിന്റെ ഭാഗമാണ്. "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (4:34). പിതാവിന്റെ ഹിതത്തോട് അത്രയധികം ഐക്യപ്പെട്ട് ഈശോ പ്രവർത്തിച്ചു; ജീവിച്ചു. പ്രവർത്തനോന്മുഖമായ ഈശോയുടെ ജീവിതം അവസാനിച്ചത് പിതാവിന്റെ ഹിതം അവസാനം വരെ പൂർത്തിയാക്കി പിതാവിന്റെ കൈയ്യിൽ ആത്മാവിനെ സമർപ്പിച്ചതിലൂടെയാണ്.

'കൊയ്ത്താണ്' ഈശോ ഉപയോഗിക്കുന്ന മറ്റൊരു പ്രതീകം. പഴയനിയമത്തിൽ ജനതകളുടെ അന്ത്യാത്മകവിധിയെ സൂചിപ്പിക്കുവാൻ ഈ പ്രതീകം ഉപയോഗിക്കുന്നുണ്ട് (ജോയേൽ 3:13). ചിന്നിച്ചിതറിയ ഇസ്രായേൽജനത്തെ – ദൈവമക്കളെ – 'ഒരുമിച്ചുചേർക്കും' എന്നു സൂചിപ്പിക്കുവാൻ ഏശയ്യാപ്രവാചകനും (27:12) ഈ പ്രതീകം ഉപയോഗിക്കുന്നു. കൊയ്ത്ത് രക്ഷയുടെ സമയത്തെ സൂചിപ്പിക്കുന്നു. വിതയ്ക്കുന്നവൻ പിതാവാണ്; കൊയ്യുന്നതാകട്ടെ പുത്രനും. വിളവെടുപ്പിൽ ഇരുവരും ഒരുമിച്ചു സന്തോഷിക്കുന്നു. ഈ പ്രവർത്തനം ഇന്നും ലോകത്തിൽ തുടരുകയാണ്.

**പ്രേഷിതത്വത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ:** ഇവിടെ പ്രേഷിതപ്രവർത്തനത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ ഈശോ പഠിപ്പിക്കുകയാണ്. സമറിയാക്കാരിയുടെ പ്രേഷിതപ്രവർത്തനത്തിന്റെ പശ്ചാത്തലത്തിലാണ് ഈശോ ഇതേപ്പറ്റി പഠിപ്പിക്കുന്നത്. പ്രേഷിതപ്രവർത്തനത്തിനുള്ള സാദ്ധ്യത എപ്പോഴും ഉണ്ട് എന്ന സൂചനയും ഇവിടെയുണ്ട്. പ്രേഷിതപ്രവർത്തനം നിരന്തരം തുടരുന്ന ഒരു പ്രവർത്തനമാണ്. വിതയ്ക്കുന്നത് ഒരുവൻ, കൊയ്യുന്നവൻ മറ്റൊരുവൻ എന്നുള്ള തത്ത്വം പ്രേഷിതപ്രവർത്തനതലത്തിൽ എന്നും യാഥാർത്ഥ്യമായിക്കൊണ്ടിരിക്കും. അതുപോലെതന്നെ വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിക്കുകയും ചെയ്യുന്നു. പ്രേഷിതപ്രവർത്തനം എപ്പോഴും ദൈവത്തിന്റെ പ്രവർത്തനമാണ്. മനുഷ്യരെല്ലാം ദൈവത്തിന്റെ ഉപകരണങ്ങളുമാണ്. പ്രേഷിതത്വത്തിന്റെ ഫലം നിത്യജീവനാണ്. അത് പ്രേഷിതപ്രവർത്തനത്തിലേർപ്പെടുന്നവരെല്ലാം സ്വന്തമാക്കുന്നു.

**വിചിന്തനം:** ദൈവവും മനുഷ്യാത്മാവും തമ്മിലുള്ള കണ്ടുമുട്ടൽ എത്രമാത്രം അത്ഭുതാവഹമായ പ്രതികരണമാണ് ലോകത്തിൽ ഉളവാക്കിയത്! ദൈവവുമായുള്ള യഥാർത്ഥ കണ്ടുമുട്ടൽ മിശിഹാനുഭവം പങ്കുവയ്ക്കാനുള്ള തീവ്രമായ ആഗ്രഹത്തിലേയ്ക്ക് ഒരുവനെ നയിക്കും. ഈശോയിൽ വിശ്വസിച്ചവരുടെ സമൂഹമാണല്ലോ സഭ. സഭ അവശ്യം പ്രേഷിതയാണ്. സഭയിൽ എല്ലാവരും പ്രേഷിതപ്രവർത്തനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. പ്രേഷിതപ്രവർത്തനത്തിനായുള്ള സാദ്ധ്യത എപ്പോഴും എവിടെയുമുണ്ട്. സഭയുടെ വിശ്വാസം അതിന്റെ തനിമയിൽ ജീവിക്കുകയും, സഭയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഈശോയുമായി അനുഭവപരമായ ഒരു കണ്ടുമുട്ടലിലേക്ക് കടന്നുവരുകയും ചെയ്യുന്നവരുടെ ജീവിതസാക്ഷ്യമാണ് എറ്റവും വലിയ പ്രേഷിതപ്രവർത്തനം.